
# ചുഴലി



ജ്ഞാനദാസ്

T61
G53

# ഓളങ്ങൾ

ഗാണളൂകേ

# ഓളങ്ങൾ

(കവിതകൾ)

DHARMARAM COLLEGE LIBRARY

## ജ്ഞാനദാസ്

പ്രസാധകന്മാർ

**ആസാദ് ബുക്ക് സെൻറർ**

തൊടുപുഴ

വില 1.50 ക.

(Malayalam)

# OLANGAL

Poems

By GNANADAS

First Published July 1976

Printed at
The Sandesanilayam Press
Changanacherry

Rights Reserved

Distribution:
**ASAD BOOK CENTRE**
**THODUPUZHA**

DHARMARAM COLLEGE LIBRARY
Ac. No. 49520.
Call No. T61 / G53

# അവതാരിക

വ്യക്തിയുടെ ആത്മാവിഷ്കാരമാണ് കല. ഈ പ്രപഞ്ചത്തോട് എഴുത്തുകാരന്റെ പ്രതികരണമാണ് മുഖ്യമായും തന്റെ സൃഷ്ടിയിൽ കാണപ്പെടുന്നത്. ആദിമുതലിന്നുവരെ ആത്മാവിഷ്കാരത്തിനായി കവിതയെ അഭയംപ്രാപിച്ചിട്ടുള്ളവരുടെ അനുഭവങ്ങളിൽനിന്ന് ഇതു വ്യക്തമാകുന്നു. സദ്ഗുണന്മാരായ അത്ഭുതപ്രതിഭാശാലികളായാലും അനന്തമായ ജീവിതവ്യാപാരങ്ങളിൽ മുഴുകിയിരിക്കുന്ന സാധാരണക്കാരനായാലും അവനിലുള്ള ചൈതന്യത്തിന്റെ പ്രഭാപൂരം ഈ ആത്മാവിഷ്കാരത്തിനു പ്രേരകമായി ഭവിക്കും. ഈശ്വരനെ അറിയുക, ആ അറിവിലൂടെ ഈ ബ്രഹ്മാണ്ഡഘടാഹത്തിലെ എണ്ണമററ ജീവകോടികൾക്ക് ആശ്വാസം നല്കുകയെന്നത് അത്യന്തം ഉദാരവും നിസ്വാർത്ഥവുമായ ജീവിതരീതിയാണ്. അതിൽ സ്വയം മറന്നു മുഴുകിയിരിക്കുന്ന ഒരു സഹോദരന് സ്വതസിദ്ധമായ കാവ്യബോധത്തിലൂടെ പ്രപഞ്ചകർത്താവായ ജഗന്നിയന്താവിനെ കണ്ടെത്തുവാനുള്ള അഭിനിവേശം അളവററതാണ്. അത്തരം ഒരു അഭൗമാനുഭൂതിയുടെ ബഹിർസ്ഫുരണമാണ് ഞാനിവിടെ അവതരിപ്പിക്കുന്ന ജ്ഞാനദാസിന്റെ കവിതകളിൽ ഉടനീളം ദൃശ്യമാവുന്നത്.

ഈ പ്രപഞ്ചത്തിലെ വിവിധവിഷയങ്ങൾ വിലോലമായ തന്റെ ഹൃദയത്തിൽ സൃഷ്ടിക്കുന്ന ഓളങ്ങളെ

പ്പററിയാണ് ജ്ഞാനദാസ് പാടുന്നത്. സുന്ദരമായ ഈ പ്രപഞ്ചത്തിൻെറ നിയാമകശക്തിയെ കാണുവാനുള്ള വ്യഗ്രത 'നീയും ഞാനും' എന്ന കവിതയിൽ പ്രകടമാണ്. താനിന്നും നിരാലംബനായ കുഞ്ഞാണെന്നും ഈ ഭൂമി താമരപ്പൂവല്ലെന്നും, സർവ്വേശ്വരൻെറ ശക്തമായ കരങ്ങൾ തനിക്ക് എന്നും താങ്ങായിട്ടാവശ്യമാണെന്നും 'പൈതലി'ലൂടെ ധ്വന്യാത്മകമായി വെളിവാക്കുന്നു. അവസാനിക്കാത്ത ദാഹം, ദിവ്യമായ അസംതൃപ്തി, ഈശ്വരാന്വേഷണത്തിൻെറ ദീർഘയാത്രയിൽ അനുഭവപ്പെടുന്ന സുഖകരമായ വേദനയെന്നിവ ഒരുയർന്ന ചിന്തകൻെറ ഭാവതലത്തിൽനിന്നുകൊണ്ടു് 'മഴ' 'വേനൽ' 'ഓളങ്ങൾ' 'വഴിയമ്പലം' 'വിശുദ്ധതോമസ്' മുതലായ കവിതകളിൽ സ്പഷ്ടമാകുന്നു.

മനുഷ്യൻെറ വേദനയെപ്പററി ജ്ഞാനദാസും സഗൗരവം ചിന്തിക്കുന്നുണ്ടു്. വിശക്കുന്നവനു് ഈശ്വരൻ അപ്പത്തിൻെറ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നതെന്ന പ്രവാചകന്മാരുടെ പ്രബോധനം സുവിദിതമാണല്ലോ. മനുഷ്യർ പരസ്പരം കാണിക്കേണ്ട സഹാനുഭൂതിയും, പല കവിതകളിലും ഭംഗിയായി വ്യക്തമാക്കിയിട്ടുണ്ടു്.

''ശുനകൻ ഭക്ഷിച്ചതിന്നുച്ഛിഷ്ടം വാരിത്തിന്നും
മനുവേൽ ദഹിപ്പിച്ചെൻ ചിത്തവുമുദരവും''

എന്നു് കവി പാടുമ്പോൾ ആധുനികസമൂഹത്തിലെ ക്രൂരമായ അനുഭവങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ തിരിച്ചുവിടുകയാണു ചെയ്യുന്നതു്. 'അന്ധഗായകൻ', ഒരു ചില്ലിക്കാശു നല്കാതെ 'അന്ധഗായകാ സോറി നന്മകൾ നേരുന്നു ഞാൻ' എന്നു പറയുന്ന മനുഷ്യരെ പരിഹാസത്തിൻെറ ശക്തമായ പടവാളുകൊണ്ടു് അദ്ദേഹം നേരിടുകയാണ്. പ്രൊഫസറുടെ പ്രഭാഷണം കേട്ടു് ക്ലാസ്സിലുറങ്ങുന്ന ആധുനികവിദ്യാർത്ഥിയെ നേരിയ നർമ്മബോധ

ത്തോടെ കവി തട്ടിയുണർത്തുന്നു. വിരസമായ തൻെറ പ്രഭാഷണത്തെപ്പററി പ്രൊഫസർക്കും ബോധമുണ്ടാവണമെന്നും ഇവിടെ ധ്വനിയുണ്ടല്ലോ.... നർമ്മബോധത്തിനും ഈ സമാഹാരത്തിൽ വേറെയുമുദാഹരണങ്ങളുണ്ട്. 'പിട–പൂവൻ' നല്ലൊരു ദൃഷ്ടാന്തമത്രേ. ''പകുതിമുട്ടയ്ക്കായ് നീ ഗ്രയെട്ടത്തോ തങ്കം പക്ഷേ പകുതി കറിയാക്കിക്കിട്ടണം'' എന്നു വാദിക്കുന്ന കവി പ്രസിദ്ധരായ ഹാസ്യസാഹിത്യകാരന്മാരെപ്പോലെതന്നെ ജീവിതത്തിൻെറ എല്ലാ വശങ്ങളും നോക്കിക്കാണുന്നുണ്ട്.

''സ്ഥാനമാനങ്ങൾക്കായി കുരിശും കുപ്പായവും
അണിഞ്ഞെത്തൻ ഭവനത്തെ മലിനമാക്കി നിങ്ങൾ''

എന്നു ക്രിസ്തു പറഞ്ഞതു് എല്ലാക്കാലത്തുമുള്ള എല്ലാ മനുഷ്യരേയുംപററിയാകാനേ വഴിയുള്ളു. ഇന്നും അതു് പ്രസക്തമാണു്. ഇത്തരം ആത്മശോധന എഴുത്തുകാരൻെറ സാമൂഹികബോധത്തെ എടുത്തുകാട്ടുന്നു.

ജ്ഞാനദാസ് കവിതയുടെ രാജവീഥിയിലേക്കു് സകൗതുകം പ്രവേശിക്കുവാനാഗ്രഹിക്കുന്ന ഒരു വ്യക്തിയാണു്. കവിതയുടെ ശാസ്ത്രീയ ലക്ഷണങ്ങൾവച്ചുകൊണ്ടു് ഈ സമാഹാരത്തെ വിലയിരുത്തുന്നതു് ഭംഗിയാവുകയില്ല. ദീർഘനാളത്തെ കാവ്യപാരായണവും സാധനയും സാഹിത്യസമ്പർക്കവുംകൊണ്ടു മാത്രം വളർന്നുവരേണ്ട ഒരു സിദ്ധിയാണു് കവിതാരചന. നമ്മുടെ കവി ശ്രമകരമായ ഈ പ്രക്രിയ കുറച്ചൊക്കെ വശമാക്കിയിട്ടുള്ളതായി ഇതിലെ കാവ്യശൈലി തെളിയിക്കുന്നു. അക്കാരണംകൊണ്ടുതന്നെ അനുവാചകരുടെ ആത്മാർത്ഥമായ സഹകരണവും പ്രോത്സാഹനവും അദ്ദേഹം അർഹിക്കുന്നു.

ഒരു കാര്യം ഉറപ്പിച്ചുപറയുവാൻ ഞാനാഗ്രഹിക്കുന്നു. കാവ്യരചനാരീതിയിൽ പല വൈകല്യങ്ങളും ഇ

തിൽ കണ്ടേക്കാം. പക്ഷേ ഇന്നത്തെ പ്രസിദ്ധരായ പ ല കവികളിലും കാണാത്ത അഗാധവും വിശാലവുമായ ജീവിതാവബോധം ഈ കവിതകളുടെ ബലിഷ്ഠമായ അടിത്തറയാണു്. Wordsworth പറയുന്നതുപോലെ ''മനുഷ്യരോടു സംസാരിക്കുന്ന മനുഷ്യനാണു് കവി'' ആകയാൽ ആ കവിക്കു് മനുഷ്യരെപ്പററി അവൻെറ പ്ര ശ്നങ്ങളെപ്പററി ആവേശത്തോടെ പറയുവാൻ കഴിയ ണം. ഈ കവിതകളിൽ അത്തരം ശക്തമായ ഒരു ശബ്ദം ഞാൻ കേൾക്കുന്നു. മനുഷ്യരാശിയെ നോക്കി കവി ആവേശംകൊള്ളുന്നു; വേദനിക്കുന്നു. ഇടയ്ക്കിടെ നമ്മെ ബോധത്തോടെ അവക്കു താക്കീതു നൽകുന്നു. ഈ കാഴ്ച കളെല്ലാം നിയന്ത്രിക്കുന്ന പ്രപഞ്ചസംവിധായകനായ ഈശ്വരനെപ്പററിയുള്ള ബോധം കവിക്കു കൂടുതൽ ശക്തി നല്കുന്നതായി കാണാം. സാങ്കേതികമായി ഈ കവിത കൾക്കുള്ള പോരായ്മകളും, പാളിച്ചകളും ഈ ജീവിത ദർശനത്തിനു മുമ്പിൽ ചെറുതായിപ്പോകുന്നു. ഇത്ര ഊഷ്മ ളവും സംശുദ്ധവും, ദിവ്യവുമായ ചിന്താധാരയെ കാ വ്യാത്മകമായി അവതരിപ്പിക്കുവാൻ കഴിഞ്ഞതിൽ ജ്ഞാനദാസിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ സൗമ്യ സൗരഭ്യമാസ്വാദിക്കുവാൻ ദോഷൈകദൃക്കുകളല്ലാത്ത സ ജ്ജനങ്ങളെ ഞാൻ സാദരം ക്ഷണിക്കുന്നു.

വയലാ വാസുദേവൻ പിള്ള
ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറ്
മാർ ഈവാനിയോസ് കോളേജ്
തിരുവനന്തപുരം – 15

# ഒരു നിമിഷം

'ഓളങ്ങൾ' എൻെറ ആദ്യകൃതിയാണ്. അവതാരികയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഈ പ്രപഞ്ചത്തോടുള്ള എൻെറ പ്രതികരണമാണ് 'ഓളങ്ങൾ'. അതപ്പാടെ ഞാൻ പകർത്തുകയേ ചെയ്തിട്ടുള്ളു. കാവ്യകലയുടെ സാങ്കേതികവശങ്ങൾ പലതും ഇന്നും എനിക്കജ്ഞാതമാണ്. അതുകൊണ്ട് പാകപ്പിഴകൾ സ്വാഭാവികവും.

പരമാത്മാവിൻെറ ചൈതന്യം ദർശിക്കുന്നിടത്തൊക്കെ ഒരു നിമിഷം ഞാൻ നിന്നുപോവാറുണ്ട്. ആ ചൈതന്യത്തിൽ വിലയംപ്രാപിക്കാൻ ആശിക്കാറുണ്ട്. അടങ്ങാത്ത ആ ദാഹമാണ് 'ഓളങ്ങളുടെ' ജീവധാര. സഹൃദയലോകത്തിന് ഒരു നിമിഷസുഖമെങ്കിലും പ്രദാനം ചെയ്യാൻ 'ഓളങ്ങൾക്കു' കഴിഞ്ഞാൽ ഞാൻ കൃതാർത്ഥനായി.

ഗുരുക്കന്മാർക്കു നന്ദിപറയുന്നതു് ഭാരതീയപാരമ്പര്യത്തിൽപെട്ടതല്ല — അവർ ആരാധനാമൂർത്തികളാണ്.

മി. വയലാ വാസുദേവൻപിള്ള,

മി. ററി. കെ. ദൊരൈസ്വാമി

ഇവർ എൻെറ ഗുരുക്കന്മാരാണ്. അനുഗ്രഹം യാചിക്കമാത്രം ചെയ്യുന്നു.

വേണ്ടതിലധികം പ്രോത്സാഹനംതന്നനുഗ്രഹിച്ച ആശ്രമാംഗങ്ങളോട്, സുഹൃത്തുക്കളോട് 'നന്ദി' എന്നു പറഞ്ഞു് കടപ്പാടുതീക്കാൻ ഞാൻ തുനിയുന്നില്ല. ഓളങ്ങളുടെ പിന്നിലെ പ്രചോദനശക്തിയെ നന്ദിപൂർവ്വം സ്മരിക്കമാത്രം ചെയ്യുന്നു.

**ജ്ഞാനദാസ്**

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | .... 5 |
| ഒരു നിമിഷം | .... 9 |
| ഓളങ്ങൾ | .... 13 |
| വഴിയമ്പലം | .... 14 |
| യാഗം | .... 15 |
| പ്രഭാഷണം | .... 16 |
| ചുംബനത്തിൻ സുഖം | .... 17 |
| വിശ്വരൂപം | .... 18 |
| എവിടെ നീ | .... 19 |
| വിശുദ്ധ തോമസ് | .... 20 |
| മുത്തച്ഛൻ, പൈതൽ | .... 21 |
| തപ്തബാഷ്പം | .... 22 |
| മഴ, ശീതളദുഃഖം | .... 23 |
| വേനൽ, സ്വപ്നം | .... 24 |
| പ്രഭാതസമർപ്പണം | .... 25 |
| നിങ്ങൾക്കുവേണ്ടി | .... 25 |
| വേദന, ദേവന്മാർ | .... 26 |
| അന്ധഗായകൻ | .... 27 |
| പൂവിനോ വേദന | .... 28 |
| ഗുളികകൾ, നീയും ഞാനും | .... 29 |
| ജിവിതസമർപ്പണം | .... 30 |
| രാത്രിയ്ക്കുവേണ്ടി | .... 30 |
| മനുവേൽ | .... 31 |
| കവി | .... 32 |
| ആനിമ്മ | .... 34 |
| വിശ്വദർശനം | .... 35 |
| കളിവീടുകൾ | .... 36 |
| പിട-പ്പൂവൻ | .... 37 |
| രോഗി | .... 38 |
| കാത്തിരുന്നു | .... 39 |
| ഈശാവാസ്യമിദംസർവ്വം | .... 39 |
| അമ്മയും മകനും | .... 40 |

# ഓളങ്ങൾ

ആമ്പൽകുളക്കരെ തേന്മാവിൻ ചോട്ടിൽ ഞാ—
നേകാകിയായിരുന്നന്തിനേരം.
മാമലക്കപ്പുറത്തരുണൻ മറയുന്ന—
കണ്ടിട്ടോ വെള്ളാമ്പൽ പൂ ചുവന്നു?
സന്ധ്യയാം കന്യക വന്നു കുളിച്ചിട്ടോ
ഇന്നീക്കുളവും ചുവന്നു കാൺമൂ?
അന്തിക്കതിരവൻ തൊട്ട പൊട്ടെന്തിനു
തുത്തു കഴുകി നീയിത്രവേഗം.
എന്തിനെൻ പൊയ്കയിൽ ശോണിതം തൂകി നീ
ആമ്പലിൻ ദുഃഖം നീയെന്തറിഞ്ഞു?
ഇവ്വിധമെന്തെന്തൊ ചിന്തിച്ചിരിക്കുമ്പോൾ
മാമ്പഴമൊന്നു കുളത്തിൽ വീണു.
ഓളങ്ങൾ വെട്ടിത്തിളങ്ങി കുമിളകൾ
പൊട്ടിച്ചിതറി മുകൾപരപ്പിൽ;
പണ്ടെങ്ങാനെന്നുടെ മാനസപൊയ്കയിൽ
വീണുപോയുള്ളൊരാ മാമ്പഴത്തെ
ഓർത്തുപോ,യോളങ്ങളാഞ്ഞടിച്ചുള്ളത്തിൽ
രക്തക്കുമിളകൾ പൊട്ടിടുന്നു.
ഈ വിശ്വചൈതന്യമെന്നിലിളക്കിടു—
മോളങ്ങളാണെന്റെ ജീവധാര.
ഓളങ്ങളിൽനിന്നുതിക്കും കുമിളകൾ
നമ്മുടെ കണ്ണീരും പുഞ്ചിരിയും.

---

# വഴിയമ്പലം

പുതിയോരസ്തിത്വത്തെ
പുല്കുവാൻ വെമ്പുന്നോർ നാം
നിമിഷത്തുടിപ്പിൽ നാം
മരിപ്പോർ മർത്ത്യന്മാർ നാം.
ഇന്നലെ മരിച്ചോർ നാം,
ഇന്നു നാം മരിക്കുന്നു
നാളയുമിതേഗതി
ജനിപ്പൂ മരിപ്പാനായ്.
കാലത്തിൻ മിടിപ്പിൽ നാം
കേൾക്കുന്നു മണിനാദം.
നമ്മുടെ ഹൃദയവും
മാരണമണിയല്ലോ
ഈ വിശ്വത്തുടിപ്പൊന്നിൽ
നിലസ്സും ഞാനും നീയും
കാലമെന്നാലും നിത്തി–
ല്പനന്തം മണിനാദം.
മരിക്കുന്നിടത്തു നാം
ജനിക്കും പുതുജീവൻ
പ്രാപിക്കുമമർത്ത്യരായ്
തീരുമെന്നൊരേയൊരു
ചിന്തയാലുന്മത്തരായ്
ഇവിടെജ്ജീവിക്കുന്നു
ഈ വിശ്വക്ഷേത്രം വെറും
വഴിയമ്പലം മാത്രം.
ഇന്നു ഞാൻ മരിക്കുമ്പോഴും
ജീവനാരിപ്പും വീണ്ടും
ഒരു മോന്തകത്താക്കി–
യാത്ര നീ തുടരുന്നു....

---

## യാഗം

ഓമനേ മരിച്ചതി–
ല്ലോമനേ മരിക്കകി–
ല്ലായിരം യുഗങ്ങളീ
പൃഥ്വിയിൽ പിറന്നാലും.
മറഞ്ഞൂ മണ്ണിൽ ജഡം
സത്യമെന്നിരിക്കിലും
പിറന്നു നിൻേറതാകും
സൎഗ്ഗശക്തിയീമണ്ണിൽ,
നീ ജനിച്ചതേയുള്ളീ–
തൊട്ടിലിൽ കുഞ്ഞായ് വീണ്ടും
വളരും കതിരിടും
കൎമ്മശക്തിയായ് മാറും.
ആശ്വസിക്കട്ടെ ഞാനീ
ശിശുവിൽ നിന്നെ കാണ്മൂ
നിന്നിലെയെന്നെ കാണ്മൂ
നിത്യം നീ ജീവിക്കുന്നു.
അർപ്പണത്തിൽ നിന്നല്ലീ–
ജീവനിന്നുയിർകൊണ്ടു,
അർപ്പണത്തിൽനിന്നല്ലീ–
ജീവനും പൊലിഞ്ഞുപോയ്;
പ്രേമത്തിന്നരംത്താരയിൽ
യാഗമായുയൎന്നനീ,
ത്യാഗമായ് മറഞ്ഞു നീ
സ്നേഹമായ് പിറന്നു നീ;
വിണ്ണിലില്ലുത്കൃഷ്ടത
യേറിടും മഹത്ജീവൻ
ഓമനേ ജയിപ്പൂ നീ–
യായിരം യുഗങ്ങളിൽ

കൃത്രിമസ്തനമേയുള്ളെ—
        ന്നുണ്ണിക്കണ്ണറിയാതെ
ദുഃഖമിന്നെനിക്കുള്ള—
        നീയമർത്ത്യതപുല്കി;
അമ്മയെന്നാരെയവൻ—
        വിളിക്കും വളരുമ്പോൾ
അമ്മയാവില്ലീയച്ഛൻ
        കാലമെന്തുരുണ്ടാലും
വേണ്ട ഞാൻ തളരുന്നെൻ
        ചിന്തകൾ നിരർത്ഥക-
മുണ്ണിതൊട്ടിലിൽ കിട—
        ന്നമ്മിഞ്ഞി ചോദിക്കുന്നു;
ഇക്കുപ്പിപാലിൽലയി -
        ച്ചമ്മയായുയിക്കേണ്ണെ—
മെന്നുണ്ണിക്കതേവേണ്ട
        കണ്ണുനീരൊപ്പുന്നു ഞാൻ.

---

# പ്രഭാഷണം

അമ്മതൻ താരാട്ടുപാട്ടിനേക്കാളെത്ര
മെച്ചമാണിന്നീ പ്രഭാഷണങ്ങൾ!
സംഗീതമല്ലിതിലാലോലമില്ലിതി—
ലെങ്കിലും നിർവൃതിദായകം മേ....
ക്ലാസ്സിൽ പ്രൊഫസറെത്തുമ്പോളടുക്കുന്ന
കാമിനീ, നീയെന്നെ പുല്കുവാനായ്.
വീണ്ടിൻ ലഹരിയിലെന്നെ മയക്കുന്നു
ഗന്ധർവ്വലോകങ്ങൾ പൂകുന്നു ഞാൻ.
ദേവകളൊത്തു ഞാൻ നർത്തനമാടുന്നു
നിദ്രേ, വിലാസിനീ....നിർവ്വാണമേ....

---

## ചുംബനത്തിൻ സുഖം

അമ്മാവിവീട്ടിൽ ഞാൻ കുഞ്ഞായിരുന്നപ്പോഠം
വിരുന്നിനൊരിക്കൽ പോയി.
കൂടെയെന്നമ്മയും, ചേച്ചിയും, മൂവരായ്
മൂന്നു മയില്യ നടന്നു.
കുന്നും കുഴിയും കടന്നു നടന്നൊരാ—
തീർത്ഥാടനമെന്നിലിന്നും
വേദനയല്ലാതൊരല്പസുഖംപോല്യ -
മുണർത്താറില്ലിതു സത്യം!
കാല്യ നോവുന്നെന്നൊരല്പം മുഷിപ്പോടെ
യോതുകിലമ്മപറയും
'അമ്മാവി' മോനപ്പം, മിഠായി പിന്നെയ—
ഞ്ഞൊത്തിരി സമ്മാനം നല്കും.
ഈവകയൊക്കെയുമേററു വാങ്ങീടുവാൻ
വേദനയോർക്കാതെയോടി.
ഈവഴിയത്രയും നടന്നേ ചെന്നു ഞാൻ—
അമ്മാവി തന്നതോരുമ്മ!
ചുംബനത്തിൻസുഖമെന്തന്നറിഞ്ഞീല
അന്നു ഞാൻ കേവലം പൈതൽ
വിതുമ്പിഞാനൊട്ടു വിമ്മിക്കൊണ്ടിവ്വിധം
ചോദിച്ചു ചേച്ചിയോടായി,
''കേവലമുമ്മക്കുവേണ്ടി നാമെന്തിനീ
മൂന്നു മയില്യ നടന്നു.......?''
''ചുംബനത്തിൻസുഖമാണുണ്ണീ ജീവിതം''
കണ്ണുനീർതൂകിയെന്നമ്മാവി.
എന്മണിക്കുട്ടനെ ചുംബിക്കുമ്പോഴൊക്കെ—
യമ്മാവിയെന്നിൽ നിറയും
''ചുംബനത്തിൻ സുഖമാണുണ്ണീ ജീവിതം....''

---

# വിശപ്പിന്റെ വിശ്വരൂപം

ദാരിദ്ര്യനിർമ്മാർജ്ജന
സെമിനാറിൽ പ്രസംഗിപ്പാൻ
പ്രബന്ധം രചിച്ചുകൊ–
ണ്ടിരിക്കെ, പുറത്താരോ
വാതിലിൽ മുട്ടും ശബ്ദം
കേട്ടു ഞാനുണർന്നപ്പോൾ
മുമ്പിൽ നില്ക്കുന്നു തെണ്ടി!
—ഭക്ഷണം വേണം പോലും.
''വിശക്കുന്നവർക്കൊക്കെ
ഭക്ഷണം വിളമ്പീടാൻ
ഹോട്ടലല്ലെടോ, താനൊ–
ന്നിറങ്ങിപ്പോകുന്നുണ്ടോ?''
ചുണ്ടിലൂറിയ ചിരി,
ദുഃഖമായ് പകരുന്നു,
ക്ലൂപ്പുകൈ നീട്ടി ഭിക്ഷു,
പടികളിറങ്ങിപ്പോയ്.
പ്രബന്ധം ചമയ്ക്കുവാ–
നിരുന്നു വീണ്ടും മുന്നിൽ
യാചകൻ! വിലക്കുന്നു,
വിശപ്പിൻ വിശ്വരൂപം.
''വിശക്കുന്നവനായി
വന്നു ഞാനെന്നാൽ നിങ്ങൾ
കൈയ്പുനീരല്ലോ തന്നു''
—ദീനഗംഭീരം ശബ്ദം
''സ്ഥാനമാനങ്ങൾക്കായി
കരിഞ്ചും കുപ്പായവും
അണിഞ്ഞെൻ ഭവനത്തെ
മലിനമാക്കി നിങ്ങൾ''
ദാരിദ്ര്യനിർമ്മാർജ്ജന–
പ്രബന്ധം നുറുങ്ങായി
കീറിഞാനലയുന്നു
വിശ്വരൂപത്തെ തേടി....

---

## എവിടെ നീ....

കാലുകൾ തളരുന്നു,
കണ്ണുകൾ കുഴയുന്നു;
മാലെനിക്കേറീടുന്നു,
എവിടെ നീയെൻ നാഥാ?

എത്രനാളുരുചുററി-
ക്കറങ്ങിനടക്കണം,
എത്രനാൾ വിരഹത്തിൻ
വ്യഥ ഞാൻ വഹിക്കണം?

നിന്തിരുവായാൽ വിശ്വം
രൂപഭാവങ്ങൾ പൂണ്ടു,
നിന്തിരുക്കൈകളല്ലോ
മർത്ത്യനസ്തിത്വമേകി;

പാരിനെ പവിത്രമായ്
സൃഷ്ടിച്ചു പരൻ പക്ഷേ,
നരനീ കുടുംബത്തെ
നരകമാക്കീകഷ്ടം!

ദുർഗ്ഗന്ധം വമിക്കുന്നു,
തെരുവിൽ പാപച്ചണ്ടി,
ദുർഗ്ഗതി ഭവിച്ചല്ലോ
മർത്ത്യസഞ്ചയമേ ഹാ!

എന്നു ഞാനെന്നു ഞാനി-
ക്കടലിൻകര കാണും,
എന്നു ഞാൻ മാലചാർത്തും
നിന്തിരുമാറിൽ വിഭോ?

കാലുകൾ തളരുന്നു,
കണ്ണുകൾ കുഴയുന്നു.
മാലെനിക്കേറീടുന്നു,
എവിടെ നീയെൻനാഥാ?

---

# വിശുദ്ധതോമസ്

''എന്തൊരു മൗഢ്യമിചൊൽവതു പത്രോസേ
യേശുമരിച്ചിട്ടുയത്ത്വെന്നോ?
കാണാതെയെള്ളോളം വിശ്വസിക്കില്ലഞാൻ
തോമാസ്സു കാണുന്നതാണു സത്യം;
കണ്ടാലും പോരെനിയ്ക്കെന്നുടെ കൈകൊണ്ടു
സ്പർശിച്ചവനെയറിഞ്ഞിടേണം''
മത്സ്യത്തെ ബന്ധിച്ച ശീലിച്ച കൈകൊണ്ട–
തീശനെ ബന്ധിക്കാനെന്തുമോഹം!

''വിശ്വസിച്ചീടുക തോമസേ സ്നേഹിതാ
അംഗുലീസ്പർശ്നാലെന്നെയറികനീ....''
''കർത്താവേയെന്നുടെ ദൈവമേ'' യെന്നവൻ
എല്ലാം മറന്നു വിളിച്ചുപോയി.
വററിവരണ്ടല്ലോ സംശയസാഗരം
നിത്യസത്യത്തെ പുണരുകയാൽ,
ആ ദിവ്യശോഭതൻ ദർശനമാത്രയിൽ
ശാന്തമായ്, ശാന്തിയായ് തീർന്നുവല്ലോ.
തോമായതിലൊരു ബിംബമായ്, ബിന്ദുവായ്
ഉണ്മയായ്, സത്യത്തിൻ സാക്ഷിയായി.

## മുത്തച്ഛൻ

മുത്തച്ഛൻ ഞാൻ നിങ്ങൾക്കൊക്കെ—
യെന്നാത്മാവിലുണ്ടായിരം സ്മരണകൾ;
ഇന്നെന്നപോലെനിക്കോർമ്മയുണ്ടവയെല്ലാം;

ഇക്കടൽത്തീരത്തിലെയാദ്യത്തെ കാൽപ്പാട്—
മീമരുത്‌വലയത്തിലെ യാദ്യത്തെ നിശ്വാസവു—
മെൻേറതാണതിനാൽ ഞാൻ മുത്തച്ഛൻനിങ്ങൾക്കെല്ലാം.

ഇന്നിതു വെറും ശവകുടീരമാണായിരം
ലക്ഷം യുഗം നിദ്രചെയ്‌വതീ മണ്ണിൽ;
ഇവിടെ ജനം ജനിച്ചില്ലാതെയാവുന്നതും
കണ്ണിമയ്ക്കാതെനോക്കികണ്ടോൻ ഞാൻ, മുത്തച്ഛൻ ഞാൻ.

ഇവിടെ സംസ്കാരങ്ങൾ വീണടിഞ്ഞുയിർത്തതും
യുഗസഞ്ചയങ്ങൾതൻ മോഹവും ഭംഗങ്ങളും
കണ്ണിമയ്ക്കാതെകണ്ടോൻ, നിങ്ങൾതൻ മുത്തച്ഛൻ ഞാൻ.

അസ്റ്റ്രത്തെയാററംബോംബായ്മാററിയനിങ്ങൾക്കിന്നി-
യെൻെറ പേർ കേട്ടാൽ പുച്ഛം തോന്നുമെന്നിരുന്നാലും
ആദിതൊട്ടിന്നേവരെയീ 'യഹം' ഭാവം കണ്ടോ—
നൊരുപുച്ഛവും തോന്നാറില്ലെടോ മുത്തച്ഛൻ ഞാൻ.

---

## പൈതൽ

താതാ ഞാൻ പൈതലാണിന്നും നടക്കുവാൻ
താനേ കഴിയാത്തോരുണ്ണിക്കിശോരകൻ;
താഴത്തുവച്ചിട്ടു ദൂരത്തുപോവല്ലെ
താമരപ്പൂവല്ലെനിക്കുഭൂമി.

---

# തപ്തബാഷ്പം

വന്ദനം മഹാത്മാവേ
രണ്ടശ്രുകണങ്ങൾഞാൻ
നന്ദിയോടർപ്പിക്കുന്നു
നിൻെറ തൃപ്പാദത്തിങ്കൽ.
വർഷങ്ങൾ നൂറാവുന്നു
ഈശ്വരൻ ഭവാനെയീ–
യാർഷഭാരതത്തിന്നായ്
ദാനമായ് നല്കിയല്ലോ.
മുക്തി നീ നൽകിയല്ലോ
മുക്തരായല്ലോ ഞങ്ങൾ
ഭക്തിയോടർപ്പിക്കുന്നു
തപ്തബാഷ്പങ്ങൾ മാത്രം.
മാപ്പു ഞാൻ ചോദിക്കുന്നു
നിൻനേക്കു നിറയൊഴി–
ച്ചിട്ടമാൻ! ശപിക്കൊല്ലെ
കാരുണ്യമേകീടണേ
പാപങ്ങൾ പൊറുക്കയും
പാപിയെ സ്നേഹിക്കയും
ശാപങ്ങളൊഴിക്കയും
ചെയ്യതിനല്ലേയവർ
കുരിശും മരണവും
നല്കിയത്തമ്പുരാനും!
തരത്തിലിതുതന്നെ
ഭവാനുമുചിതംതാൻ.
ലോകത്തിനാലണയുന്നി–
തെത്രയോ ജീവിതങ്ങൾ
ലോകർക്കറിയാമോ
പുണ്യപൂരുഷന്മാരെ.
ബാപ്പു നീ മറഞ്ഞാലും
നീ കൊളുത്തിയ ദീപം
പൊലിയാതെരിഞ്ഞിടും
നൂനമെൻ ഹൃദയത്തിൽ.

---

## മഴ

ദാഹിച്ചു നാവു വരണ്ടൊരീ ഭൂമിക്കു–
ദാഹജലം നല്കി കന്നിക്കാർമുകിൽ.
ചുട്ടുപഴുത്തൊരിപ്പൂഴിയിലാദ്യമായ്
വീണ കണികകൾ തീക്കനലായ് മാറി;
ദേവിക്കു ദാഹം ശമിച്ചില്ല–
പിന്നെയുമുൾക്കാമ്പു നീറി;
നീരിനായ് ദാഹിച്ചു;
കണിയനുഗ്രഹം ശാപമായ് തീരവേ
മാമകചിത്തവും നീറിപ്പുകയുന്നു.

---

## ശീതളദുഃഖം

സുന്ദരമാണുനീ സൃഷ്ടിച്ചതൊക്കെയും
സൗന്ദര്യമാണു ഞാൻ കാണുന്നതൊക്കെയും
സ്വർഗ്ഗമാണെന്നുമീ ക്ഷോണിയെനിക്കു നിൻ
സ്വർഗ്ഗചൈതന്യം ഗ്രഹിക്കാൻ കഴിഞ്ഞെങ്കിൽ!

എങ്കിലും നാഥാ ഞാൻ തൃപ്തനല്ലന്തര–
മങ്ങേയ്ക്കുവേണ്ടി കൊതിക്കുന്നു നിത്യമായ്;
ദാഹമാണത്ഘടദാഹമാണീശ്വരാ–
യിത്തിരി ജീവജലത്തിനായ് ദാഹിപ്പൂ;

എന്തു നീ നല്കിലും നല്ലതാണൊക്കെയും
സ്വീകരിക്കുന്നു ഞാൻ നന്ദിയോടെങ്കിലും
ദുഃഖമാണാത്മാവിൽ ശീതളദുഃഖമാ–
ണങ്ങിൽ ലയിച്ചു ഞാനില്ലാതെയാവോളം.

---

## വേനൽ

കടവിൽ കടത്തുകാരാരുമില്ല,
നീരാട്ടിനാരും വരാറുമില്ല;
വഴിയാത്രക്കാരില്ല—
ആൽത്തറ ശൂന്യമായ്,
കാകനുംകൂടില്ല;
പൂവാടി നനക്കുവാൻ പൂക്കുടമേന്തിയ,
പെൺകൊടിയിപ്പോഴും വരാറുമില്ല;
പൂമ്പാററപോലുമില്ലിലത്തിച്ചോട്ടിലെ
പൊട്ടിച്ചിരികളും പൊയ്പോയല്ലോ;
തൂലികതുമ്പിലെ മഷിയുണങ്ങി,
മാമകചിത്തം സഹാറയായി.

---

## സ്വപ്നം

കന്യകയായ ഞാൻ ഗർഭംധരിച്ചപോ—
ലിന്നലെ രാത്രിയിൽ സ്വപ്നം കണ്ടേൻ.
പുൽകുടിലന്വേഷിച്ചോടിനടന്നേനെ—
ന്നുണ്ണിക്കു ഭൂമിയിൽ ജന്മമേകാൻ.
''പുല്ക്കുടിലില്ലല്ലോ, കല്ലിടാവില്ലല്ലോ,''
കണ്ടവരൊക്കെ കടന്നുപോയി.
എൻെറ കൊട്ടാരത്തിലുണ്ണിയെ പെററു ഞാൻ
ഉണ്ണിയല്ലയ്യയ്യോ! സിംഹക്കുട്ടി!
മർത്ത്യരെ കൊന്നവൻ രക്തം കുടിപ്പതും
അമ്മയാം കന്യക നോക്കിനിന്നു.

---

## പ്രഭാതസമർപ്പണം

നല്ല വിചാരങ്ങളെന്നിലുണർത്തണേ
നല്ലവനാകുമെൻ തമ്പുരാനെ....
നല്ലതുമാത്രം പറയുവാനിന്നെൻെറ
നാവിനനുഗ്രഹമേകിടണേ....
നന്മകാം മാത്രം ഞാൻ ചെയ്യുവാനീശ്വരാ
നന്മനസ്സെന്നും നീ നല്കീടണേ....
നിന്തിരുമുററത്തു പിച്ചനടക്കവോ–
നെന്നെ നീയെന്നെന്നും കാത്തിടണേ....
നിന്നിലലിഞ്ഞലിഞ്ഞില്ലാതെയാകുവാ–
നിത്തുഷാരം കാത്തിരിപ്പൂ യുഗങ്ങളായ്

---

## നിങ്ങൾക്കുവേണ്ടി

നിറഞ്ഞുതുളമ്പുന്നിതെൻ
പരസ്നേഹാമൃതത്താലം
വരുവിൻ സഹജരേയീ–
പരിശുദ്ധ തീർത്ഥം നല്കാം
ക്രിസ്തുവേപ്പോലെയെൻജീവൻ
നല്കിടാമതിലുപരി–
യേതുണ്ടു സ്തുത്യമാം സ്നേഹ–
മിദ്ധരയിൽ! വന്നീടുവിൻ
ഇന്നുമുതലെൻ ഹൃദയ–
ത്തുടിപ്പുകളഖിലവും
നിങ്ങൾക്കുവേണ്ടി, ഞാൻ വീഴ്ത്തും
സ്വേദവും നിങ്ങൾക്കുവേണ്ടി.

---

## വേദന

കവിതേ യെൻ പ്രേയസീയെന്നിനിവരും
മൽ ശുഷ്ക്കപ്രാണനനിൽ
നിൻ പനിനീർ വർഷം ചൊരിയാ–
നിത്തിരി തണുപ്പേകാൻ?
പൊയ്പ്പോയ വസന്തത്തെയോർത്തു
ഞാനിരിക്കുമ്പോളൊരു മിന്നലായ്
വേദനയായി നീയൂറിക്കൂടും
കവിതേ നീ വേദനയോ?
എങ്കിലും സ്നേഹിപ്പൂ ഞാൻ
നീറുമെന്നാത്മാവിൽ
ജലധാരയായ് മാറുവാനീ
വേദനക്കല്ലേയൊക്കൂ.
സ്ത്രീത്വം വേദനിച്ചാലേ
ശിശുക്കൾക്കു ജന്മമുണ്ടാവൂ;
കവിത്വം വേദനിച്ചാലേ
കവിതപ്പൂ വിരിഞ്ഞീടൂ.

---

## ദേവന്മാർ

ഈശ്വരാകാരം പൂണ്ടവർ,
ഭിക്ഷുക്കൾ, രോഗാർത്തരിങ്ങനെ
പാവങ്ങൾ പുൽക്കുടിൽ ദേവന്മാർ
ഭൂമിയിൽ വാഴവേ നാമോ....
മേലോട്ടു നോക്കുന്നു കാണുമോ?
കൈകളുയർത്തുന്നു കിട്ടുമോ
പുൽക്കുട്ടിൽ വാഴവോനീശനെ
ഭിക്ഷുവാം രോഗിയാ മീശനെ....

---

# അന്ധഗായകൻ

ഇന്നലെ ത്രിസന്ധ്യക്ക
പട്ടണമുണരവേ
രാജവീഥിതൻ പാശ്വം
പററിഞാനലാത്തവേ
ചിന്തയാം മാറാപ്പഴി
ച്ചൊന്നൊന്നായ് നോക്കീടവേ
കണ്ടുഞാനൊരു ചിത്രം–
ഗായകനവനന്ധൻ!
വേറൊരു ത്രിസന്ധ്യയിൽ
ഗഭിണിയാമെൻ 'പേഴ്സും'
ഞാനുമായ് 'ഷാ ആൻ കോ'യിൽ
'ഷോപ്പിംഗ്' നടത്തുമ്പോഠം.
കണ്ടേയുള്ളീ, ഗായകൻ
ഭിക്ഷുവാമന്ധൻ, പക്ഷേ
ചിന്തയാം ഗഭേയിവൻ
ജനിപ്പൂ വളരുന്നു....
കഴുത്തിൽ ബന്ധിച്ചതാം
പാട്ടുപെട്ടിയുമായി
ഗായകനുതിക്കുന്നു
ആത്മഗാനങ്ങഠം ശോകം!
റേഡിയോവുതിക്കുന്ന
ഗാനവീചികഠംക്കൊപ്പം
ആട്ടമിത്തെരുവുകഠം–
ക്കൊന്നുമല്ലല്ലോയിവൻ!
ആരുമാപ്പാട്ടു കേട്ടീ–
ലാരുമേകീല ധമ്മം,
ഭിക്ഷുവാമന്ധൻ പാടി
ശൂന്യമാം കരം നീട്ടി.

ആർദ്രനായവനിൽ ഞാ—
നഞ്ചുപൈ കൊട്ടത്തീടാൻ
പേഴ്സു നോക്കുമ്പോഠം കഷ്ടം!
പത്തുകഠം നോട്ടാണെല്ലാം.
''അന്ധഗായകാ സോറി
നന്മകഠം നേരുന്നു ഞാൻ''
ഉള്ളിൻെറയുള്ളിൽ പറ—
ഞ്ഞന്നു ഞാൻ വിടവാങ്ങി;
ഒരിക്കൽ കണ്ടേയുള്ളു
മാസങ്ങഠം പിന്നിട്ടു ഹാ!
ചിന്തയാം ഗർഭേയന്ധൻ
ജനിപ്പൂ വളരുന്നു....

---

# പൂവിനോ വേദന

പുലരിക്കാറേറററു മന്ദമാട്ടം
പനിനീർമലരൊന്നു പുഞ്ചിരിക്കേ,
കരിവണ്ടു കൺകോണിൽ രാഗവുമായ്
കവിളത്തൊരുമ്മവെച്ചോമനിച്ചു.
പൂവൊന്നു നാണംകുണുങ്ങിനിന്നു
പരിഭവമാന്നവൻ മൂളിനിന്നു;
ഒരുപക്ഷേ പൂവിനു നൊന്തുകാണും,
അളിയവനുണ്ടോ ഹാ നീതിബോധം!
മധുവൂട്ടി കാന്തനെ സത്ക്കരിച്ചു
മണവാട്ടി മോഹിനി നൃത്തമാടി;
മത്തനായ് വണ്ടു പറന്നുപോയി
പൂവിനോ വേദന കഷ്ടമോത്താൽ

---

## ഗുളികകൾ

I

പെററിട്ടാൽപിന്നെ നോക്കില്ല,
മുലയൂട്ടില്ല മാത്രതം;
കൃത്രിമസ്തനമൂട്ടുന്നു
കൂലിക്കെട്ടതോരമ്മ!

II

എന്നിലെയെന്നെ കണ്ടുപിടിപ്പോ–
ക്കൊന്നാന്തരമൊരു സമ്മാനം
വെള്ളിത്തളികയിൽ നല്കീടാം ഞാൻ
ആരിദ്ധരയിൽ വന്നീടിൻ.

---

## നീയും ഞാനും

നിന്നിലെ സൗന്ദര്യം കണ്ടുഭ്രമിച്ചുഞാ–
നെന്തെന്നറിയാതെ കൈകരം നീട്ടി.
നിൻമുഖകാന്തിയിലെന്നെ മറന്നു ഞാ–
നാലിംഗനം ചെയ്യാനാഞ്ഞുപോയി.
മാലിന്യമാത്മാവിലുണ്ടെന്നിരിക്കിലും
ആത്മാത്ഥമാണെൻ വികാരമെന്നും,
നിന്നെവെറുത്തിടാനുദ്യമിക്കുമ്പോഴും
സ്നേഹിച്ചിടുന്നതെൻ ദൗർബല്യമാകുമോ?
ഈ ബലഹീനതയെൻ ശക്തികേന്ദ്രമായ്
കാണുവാനുൾക്കണ്ണ് തുറക്കട്ടെ നിത്യവും

## ജീവിതസമർപ്പണം

കാഴ്ചയേകുന്നു ഞാൻ ജീവിതസർവ്വസ്വം
പ്രേമസ്വരൂപനാമേശുനാഥാ
നിന്നിൽ ലയിക്കുവാനാശിച്ചുവന്നു ഞാൻ
വേഗം വന്നെന്നെ പുണരേണമെ....

പൂപമായ് വന്നെൻ പശി തീർത്തു നിത്യമാം
ജീവനെനിക്കു നീ നല്കീടണേ
പാനീയമായ് വന്നെൻ ദാഹം ശമിപ്പിച്ചു
മോക്ഷത്തിൻ വാതിൽ തുറന്നീടണേ....

ദിവ്യമാം ലയനത്താലല്ലാതെ യേശുവേ
ആത്മാവിൻ ദാഹം ശമിക്കുകില്ല
സ്നേഹസല്ലാപങ്ങളല്ലെനിക്കാവശ്യം
ആത്മാവിലാത്മാവിൻ ലയനമല്ലോ....

## രാത്രിക്കുവേണ്ടി

പകലിൻ വ്യഥയെത്രക്കൂട്ടിയാലും
രാത്രിതൻ ദൈർഘ്യം കുറയ്ക്കല്ലെ നീ,
പകലെനിക്കേകിയ ദുഃഖമെല്ലാം
സന്ധ്യയാം കന്യകയേററുവാങ്ങി;
രാവിൽ ഞാനേകനായ് നിന്നെ നോക്കി
താരാപഥത്തിൻെറ ഭംഗിനോക്കി
യാമങ്ങളൊത്തിരി പോക്കിടുമ്പോഴം
എന്നെ ഞാൻ വിസ്മരിച്ചങ്ങിൽമാത്രം
ശാന്തിയും സ്നേഹവും തേടിടുമ്പോഴം
രാവിൻെറ നന്മയറിയുവോൻ ഞാൻ,
രാത്രിതൻ ദൈർഘ്യം കുറയ്ക്കല്ലെ നീ....

---

# മനുവേൽ

നായിൻപാത്രത്തിൽനിന്നും
മനുഷ്യൻ ഭക്ഷിപ്പതി—
ന്നാദ്യമായ് കണ്ടുചിത്തം
തകർന്നു ദഹിപ്പൂ ഞാൻ.

'മനുവേൽ' മർത്ത്യൻപക്ഷേ
ചിത്തരോഗിയാണവൻ
ക്രിസ്തുവോ മരിച്ചുപോയ്
ആരിനിസുഖം നല്കാൻ?

വിശപ്പൊന്നതേയവ—
നറിയൂ ഭോജ്യംകിട്ടാൻ
വീടുകറുംതോറുംകേറി—
യിറങ്ങും മടിയാതെ

മൃഷ്ടാന്നഭോജ്യംകഴി—
ച്ചുദരം തടവിക്കൊ—
ണ്ടുമ്മറത്തെത്തുമ്പോറുക -
ണ്ടുദരം കത്തും രംഗം!

ശ്വാനകൻ ഭക്ഷിച്ചതി—
ന്നുച്ഛിഷ്ടം വാരിത്തിന്നും
മനുവേൽ ദഹിപ്പിച്ചെൻ
ചിത്തവുമുദരവും!

മനുഷ്യർ സമന്മാരെ—
ന്നോതിയ മൂഢന്മാരോ
ചിത്തരോഗത്താൽ മനം
മങ്ങിയ പ്രവാചകർ?

—

# കവി

പത്തുവർഷത്തിൻമുമ്പാ–
ണന്നു മത്കലാലയം
വിട്ടുപോരുമ്പോളാത്മ
സഖിമാർ ചുററുംകൂടി
ഇനിയെന്നിനിയെന്തെ–
ന്നോരോന്നു ചോദിക്കുമ്പോഠം
അശ്രുക്കഠം പൊടിയുന്നെൻ
കൺകളിലന്നുമിന്നും
''മന്ത്രിയാകുമ്പോളെന്നെ
വിസ്മരിച്ചീടാം പക്ഷേ
അമ്മണിക്കെന്നും രാജൻ–
രാജനായിരുന്നീടും.''
''അതുവേണ്ടതുവേണ്ട–
ജില്ലാധിപതിയായാൽ
പോരുമെങ്കിലേ ഗുണം–
നമ്മഠംക്കുംഭവിക്കുള്ളൂ.''
''എൽ. ഡി യായ് ചെന്നാൽമതി
യു. ഡി. യായ് പ്രമോഷനും
ആവശ്യമെങ്കിൽ സ്വന്തം–
നാട്ടിലേക്കൊരു മാററം.''
''കവിയായ് കഥാകൃത്തായ്
കീത്തിമുദ്രകഠംനേടി–
സർവ്വാരാദ്ധ്യനായ് തീന്നാൽ
ജീവിത മഹാകാവ്യം–
ജീവരക്തത്തിൽതീക്കും
സഹപാഠിനികളെ

ജീവിതയോദ്ധാക്കളെ—
മറക്കാൻകഴിയുമോ?''
അമ്മണിക്കുട്ടി, വത്സ,
തങ്കമ്മ, തങ്കമണി
ജാനകി വിലാസിനി
സുശീല ലൈലാബീവി.
മന്ത്രിയായ്‌തീന്നില്ല ഞാൻ,
പ്രമോഷൻ നല്‌കീടുവാൻ
ജില്ലാധീശനുമായി—
ത്തീരുവാൻകഴിഞ്ഞില്ല.
കവിയായ്‌ തീരാം പക്ഷേ
കീത്തിമുദ്രകൾക്കല്ല,
മുക്തിഗാഥകൾ പാടാൻ
കീത്തനം പാടാൻമാത്രം.
.... .... .... .... .... .... ....
.... .... .... .... .... .... ....
മുക്തനായാലും സത്യം
വിസ്മരിക്കാനാവില്ല
ധരയിൽ ഞാൻ കണ്ടോരി—
ക്കറുകപ്പുല്ലിനേയും
എന്റെ കീത്തനങ്ങളിൽ
തംബുരു സ്പന്ദങ്ങളിൽ
മധുരസ്മൃതികൾതൻ
ലയസഞ്ചയങ്ങളിൽ
അനശ്വരരല്ലൊ നിങ്ങൾ—
മാമക കലാലയ
മോഹന സ്‌മൃതികളെ
ഭാസുര താരങ്ങളെ.

---

# ആനിമ്മ

ആനിമ്മയോമലേ തങ്കക്കുടമേ നീ
ഞെട്ടററു വീണുവോ മൊട്ടായ്‌തന്നെ.
ഡാഡിക്കും, മമ്മിക്കും, തീരാത്ത ദുഃഖമാ–
ണോമനേ നീയിന്നു സ്വർഗ്ഗം പൂകി.

ഇന്നീ ഭവനം മണൽക്കാടായ്‌ മാറി ഹാ!
ദുഃഖത്തിൻ വീചികൾ മാത്രമെങ്ങും.
നിൻ ചുണ്ടു പൊട്ടിവിരിയില്ല കണ്മണീ
കിങ്ങിണി നാദവും കേൾക്കുകില്ല;

നിൻ കാൽചിലമ്പൊലി നിന്നു നിലച്ചു–
യെന്നമ്മിണി, മമ്മിഞാനെന്തുചെയ്‌വൂ!
മുല്ലപ്പൂപോലുള്ളോരീമുഖം കാണുമ്പോൾ
മാലാഖമാർക്കുമസൂയയാവാം;

നിൻമുഖം മുത്തുവാനോമനിച്ചീടുവാൻ
ദേവകളെല്ലാം കൊതിച്ചിരിക്കാം.
അല്ലെങ്കിലാനിമ്മേ വേർപിരിഞ്ഞീടുവാ–
നിപ്പോളെൻ കണ്മണീയെന്തുകാര്യം!

സ്വർഗ്ഗപിതാവിൻ മടിയിലിരുന്നു നീ
പുഞ്ചിരി തൂകുന്നതോർത്തോർത്തു ഞാൻ
കാലം കഴിക്കുമെൻ ജീവിതം
ധന്യമാണാനിമ്മേ പൊന്നുമോളേ....

## വിശ്വദർശനം

പാസ്പോർട്ടില്ലാതെനി–
ക്കതിർത്തികടക്കുവാൻ
കഴിയും മുഹൂർത്തത്തെ
പാർത്തുഞാനിരിക്കുന്നു.
ധരയിൽ മർത്ത്യൻ തീർത്ത
കോട്ടകൾക്കതീതനായ്
പറക്കാൻ പററില്ലല്ലോ
മർത്ത്യനായ്പോയീ ഞാനും
ആശയുണ്ടെനിക്കെന്നാൽ
വിലങ്ങുകളല്ലോകയ്യിൽ
ബന്ധനം! വിലക്കുകൾ!
പക്ഷിയായില്ലല്ലോ ഞാൻ.
എങ്കിലും ബന്ധിക്കുവാൻ
പററില്ലീ വിലങ്ങുകൾ–
ക്കൊന്നിനുമാത്മാവിനെ–
യെനിക്കിന്നതുമതി.
നിമിഷംകൊണ്ടീ പൃഥ്വി
മൂന്നുരു കറങ്ങി ഞാ–
നുറക്കെപ്പാടും ''വിശ്വ–
മെൻേറതാ''ണെന്നു മാത്രം.

---

49520-

# കളിവീടുകൾ

ഒരുമിച്ചൊരേവീട്ടി–
ലെത്രനാറം വളൻ നാം
പിരിയാൻനേരം ദുഃഖം,
ദുഃഖമിന്നതു മാത്രം.

ഇത്രനാളറിഞ്ഞില്ലീ–
ബന്ധമിത്രയും ഭാവ–
ശുദ്ധിയാന്നിരുന്നെന്നെൻ
കിനാവിൽക്കൂടിപ്പോലും.

യാത്രാവന്ദനംചൊല്ലാൻ
മുറിയിൽവന്നപ്പോറം നാം
വാക്കകറംക്കായി തപ്പി,
കണ്ണുനീരല്ലോ കിട്ടി!

സൗഹൃദപ്പരപ്പിൽ നാം
കളിവീടുകറംകെട്ടി
കാററിൽവീടുലഞ്ഞപ്പോറം
കരയാൻമാത്രംപററി

ഈ വിശ്വപരപ്പിങ്കൽ
മാനവൻ ചമയ്ക്കുന്ന
കളിവീടുകറം കാററി
ലുടയുമിതേ സത്യം!

കളിക്കൂട്ടുകാർ നാമി–
കളിവീടുകറം തട്ടി,
സംസാരദുഃഖം ജയി–
ച്ചനശ്വരാലയംപൂക!

---



DHARMARAM COLLEGE LIBRARY
BANGALORE-29.

# പീട-പ്പൂവൻ

''തെല്ലനാളായല്ലോ നാ–
മിറച്ചിതിന്നിട്ടിന്നു
ചന്തയിൽ പോയീടുമ്പോ–
ളിത്തിരി വാങ്ങിപ്പോരൂ''
'പൂവനോ–പിടയോ'യെ
ന്നാരാഞ്ഞു നിൽക്കെഞൊന്നും
തങ്കവും ചിരിച്ചപോയ്
എന്തിനെന്നറിയാതെ
''കൊല്ലവാൻ പൂവനല്ലേ
നല്ലതെന്നായീതങ്കം;
''പൂവനേകൊല്ലുന്നതു
കാണുവാൻ പിടക്കിഷ്ടം!
അമ്പടീ വല്ഗ്ഗസ്നേഹം!
പിടയേ വാങ്ങിക്കും ഞാ–''
നിറങ്ങീപടി പിട–
പ്പൂവനേ വാങ്ങീടുവാൻ.
ശകുനം നന്നായില്ല,
ചന്തയിൽ വന്നില്ലൊററ
പൂവനും പിടമാത്രം!
പിടയേ വാങ്ങിച്ച ഞാൻ
''ഇതിനെ കൊല്ലേണ്ടെന്നേ
നല്ലിനം പിടക്കോഴി
അടവെയ്ക്കണം നമ്മ
ക്കിതിനെ നിൽക്കട്ടെന്നേ''
''പകുതി മുട്ടയ്ക്കായ് നീ–
യെടുത്തോ തങ്കം പക്ഷേ,
പകുതി കറിയാക്കി
കിട്ടണമെന്നായ്'' 'ഞാനും

# രോഗി

''വേദനിച്ചുവോകയ്യെ''—
നൂറിയചിരിതൂകി

മന്ദമായ് തടവിയ—
ത്തയ്യലാം ചോദിക്കവേ

രോമഹർഷത്തിൽ കുളി—
ച്ചെൻ ചുണ്ടുവിടർന്നുവോ

ആത്മനിവൃതിപൂണ്ടോ
കൈവല്ല്യം പ്രാപിച്ചുവോ?

പച്ചമാംസത്തിൽ സൂചി—
കുത്തനെയിറങ്ങിയി—

ട്ടെന്തു ഞാനറിഞ്ഞില്ല,
കുത്തിവച്ചില്ലേ സിസ്ററർ?

നിത്യരോഗിയായെങ്കി—
ലെന്നുഞാനാശിച്ചുപോയ്

സത്യമാശ്രുപത്രിതൻ
പടികളിറങ്ങുമ്പോഴാം

എൻസിരാതന്തുക്കളിൽ
ചൈതന്യം പകരുന്ന—

തിന്നുനിൻ മരുന്നാണോ—
മരുന്നാം ചിരിയാണോ?

———

## കാത്തിരുന്നു

മാലകൊരുത്തു ഞാൻ കാത്തിരുന്നു,
കാന്തനെ കാണാൻ കൊതിച്ചിരുന്നു;
മംഗല്യമിന്നോ നാളെയോയെന്നോർത്തു
മണിയറനന്നായലങ്കരിച്ചു.
നാളുകളെത്ര ഞാനെണ്ണിനീക്കി,
പൂവാടിയെന്തെന്തു പൂവുതിർത്തു?
എന്നിട്ടുമെന്തുനീ താമസിപ്പൂ
ഹൃദയം കവർന്നോരെൻ കൂട്ടുകാരാ?
നീ കേൾക്കാൻമാത്രമെൻ പുല്ലാങ്കുഴലൂതി,
മേച്ചിൽപുറങ്ങളിൽ തേടിനിന്നെ;
കണ്ടതില്ലെന്നിട്ടും ജീവിതേശാ
ഹൃദയം കവർന്നോരെൻ കൂട്ടുകാരാ....
നീ വരില്ലേ....നീ വരില്ലേ....
വാടിയൊരീമാല മാറിൽ ചാർത്താം
പൊട്ടിയൊരിക്കുഴലൂതാം ഞാൻ,
നീവരില്ലേ....നീ വരില്ലേ....
ഹൃദയം കവർന്നോരെൻ കൂട്ടുകാരാ.

---

## ഈശാവാസ്യമിദംസർവ്വം

ഈശ്വരനല്ലോ മണ്ണും
വിണ്ണുമിന്നൊരുപോലെ
മുററിനില്ക്കുന്നു ജീവൻ
ജീവനിൽ തുടിയ്ക്കുന്നു;
പുല്കുവാനല്ലോ മോഹം
ഇത്തിരിനാളത്തിനും
മണ്ണിലെ ചൈതന്യത്തെ
വിണ്ണിലെ മഹത്വത്തെ!


---

# അമ്മയും മകനും

കയ്പാന്നകട്ടൻകാപ്പി—
ക്കിത്തിരിയിനിപ്പേകാൻ
അമ്മഭാവിക്കേ കുട്ടൻ—
വേണ്ടന്നു വിലക്കിനാൻ
കുട്ടനു രണ്ടു വയ—
സായപ്പോളച്ഛൻപോയി
അതിൽ പിന്നിന്നോളവും
അമ്മയ്ക്കു കൈപ്പൻ കാപ്പി.
എങ്കിലും സൂക്ഷിക്കാറു—
ണ്ടിത്തിരി പഞ്ചസാര
കുട്ടനുവേണ്ടിമാത്രം
ജീവിതം മധുരിക്കാൻ.
അമ്മതൻ കൈപ്പിൻ പങ്കു—
പററുവാനിഷ്ടം പൂണ്ടു—
കുട്ടനങ്ങമൃതാക്കി
പൊന്നുമോനിറുമ്മവേ
എട്ടുവർഷത്തിൻ ദുഃഖം
തുള്ളിയായ്ഘനീഭവി -
ച്ചമ്മതൻ കണ്ണിൽ വീഴാൻ—
വിതുമ്പിനിന്നീടുന്നു;
''കരയുന്നുവോ അമ്മ....''
പിഞ്ചുകൈ മെല്ലപ്പൊക്കി
ഒപ്പിയ കണ്ണീർമുത്തിൻ
വിലയാരറിയുന്നു?
''ഇത്തിരി പഞ്ചാരയി—
ക്കാപ്പിയിലിട്ടുനമ്മരം
പങ്കുവെച്ചീടുന്നതെ—
ന്നമ്മച്ചിക്കിഷ്ടമല്ലേ....''
പങ്കുവയ്ക്കുമ്പോഴല്ലോ
ദുഃഖവും സുഖമാവൂ
കുട്ടനെ വാരിപ്പുണ
ർന്നമ്മവയ്ക്കുന്നുവമ്മ.

DC Library
*00049520*
T61 G53

# ചുഴലി



ജ്ഞാനദാസ്

T61
G53